LIBRARY ARCHIVES Kerala Legislative Assembly

ഖാദി മേഖലയിൽ കർമ്മ പദ്ധതികൾ

101 (4683) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിലെ വരുമാന പൂരക പദ്ധതിയനുസരിച്ച് ഖാദി മേഖലയിൽ കർമ്മ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

ഖാദി ഗ്രാമവ്യവസായ വകുപ്പിന്റെ സംരംഭകത്വ പദ്ധതി

102 (4684) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായവകുപ്പ് തൊഴിൽരഹിതരായ യുവാക്കൾക്ക് വേണ്ടി ആരംഭിച്ച സംരംഭകത്വ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതിയനുസരിച്ച് എത്ര പേർക്ക് എത്ര ഇക വീതം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. മന്ത്രാലയം 2008-09 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന തൊഴിൽദായക പദ്ധതിയാണ് പി.എം. ഇ.ജി.പി. (പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദായക പദ്ധതി) ഖാദി കമ്മീഷനും ഖാദി ബോർഡും വ്യവസായ വാണിജ്യ ഡയറക്ടറേറ്റുമാണ് കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഗ്രാമങ്ങളിൽ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുകയുമാണ് പദ്ധതിയുടെ ഉദ്ദേശ്യം. മുതുങ്ങിയത് മൂന്ന് വർഷമെങ്കിലും ഫലപ്രദമായി നടത്തിയ വ്യവസായ സംരംഭകരിൽ ജനറൽ കാറ്റഗറിക്ക് മൊത്തം പദ്ധതിച്ചെലവിന്റെ 25%-വും പ്രത്യേക വിഭാഗങ്ങൾക്ക് 35%-വും മാർജിൻ മണി ഗ്രാന്റായി അനുവദിക്കും.

സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് ഗ്രാമീണ മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും ഖാദി ബോർഡ് സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്ന പ്രത്യേക തൊഴിൽദായക പദ്ധതിയാണ് 'എന്റെ ഗ്രാമം'. മൂന്ന് വർഷമെങ്കിലും ഫലപ്രദമായി നടത്തുന്ന വ്യവസായ സംരംഭകരിൽ ജനറൽ കാറ്റഗറിക്ക് മൊത്തം പദ്ധതി ചെലവിന്റെ 25%-വും പിന്നാക്ക വിഭാഗങ്ങൾക്കും സ്ത്രീകൾക്കും 30%-വും പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 40%-വും മാർജിൻ മണി ഗ്രാന്റായി അനുവദിക്കും.

(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഖാദി തൊഴിലാളികൾക്കുള്ള പ്രൊഡക്ഷൻ ഇൻസെന്റീവ്

103 (4685) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് 2014-15 വർഷം മുതൽ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത തുക വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) 28-1-2014-ന് നിയമസഭാ കോംപ്ലക്സിലെ മുഖ്യമന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗത്തിൽ ഖാദി തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് വർദ്ധിപ്പിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

പരമ്പരാഗത ഗ്രാമവ്യവസായങ്ങൾ

104 (4686) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ഗ്രാമവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly